(ബി) ഇപ്രകാരമുള്ള നികുതി ചോർച്ച സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആംനസ്റ്റി സ്കീമുകൾ**

51(3482) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നികുതി കുടിശ്ശിക പിരിക്കുന്നതിനുള്ള ആംനസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആംനസ്റ്റി സ്കീമുകൾ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ജി.എസ്.ടി.-ക്ക് മുൻപുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ച് മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽനിന്നും വ്യത്യസ്തമായി ഈ വർഷത്തെ ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കുമെന്നാണ് കരുതുന്നത്.

**സ്പാർക്കിന്റെ ഓഫീസുകളുടെ പ്രവർത്തനം**

52(3483) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ ജീവനക്കാരുടെ പേര്, ജനന തീയതി, മേൽവിലാസം മറ്റ് അനുബന്ധ സർവ്വീസ് രേഖകൾ തുടങ്ങിയവയിലുണ്ടാകുന്ന തെറ്റുകൾ തിരുത്തുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1-7-2019-ലെ പരിപത്രം നം.64/2019/ധന-യിലെ ഖണ്ഡിക (4) പ്രകാരം ജീവനക്കാരുടെ സർവ്വീസ് രേഖകൾ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. പരിപത്രം അനുബന്ധമായി* ഇതോടൊപ്പം ചേർക്കുന്നു.

(ബി) നിലവിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള സ്പാർക്ക് ഓഫീസുകളിൽ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുന്നുണ്ടെന്ന് ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ധനകാര്യ സ്പാർക്ക് (പി.എം.യു.) വകുപ്പിൽ 6 സ്ഥിരം ജീവനക്കാരും 54 താൽക്കാലിക ജീവനക്കാരും സ്പാർക്ക് പ്രോജക്റ്റുമായി ബന്ധപ്പെട്ട് ജോലി ചെയ്തുവരുന്നു.

സ്ഥിരം -6

തിരുവനന്തപുരം -5

കണ്ണൂർ -1

താൽക്കാലികം -54

മാസ്റ്റർ ട്രെയിനേഴ്സ്- 43

തിരുവനന്തപുരം സ്പാർക്ക് (പി.എം.യു) - 34

ജില്ലാ ട്രഷറികൾ -6 (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ്)

കണ്ണൂർ റീജീയണൽ ഓഫീസ് - 3

പ്രോഗ്രാമേഴ്സ് -5 (NIC യിൽ)

സിസ്റ്റം അഡ്മിൻ - 2 (തിരുവനന്തപുരം)

സെക്യൂരിറ്റി- 3 (തിരുവനന്തപുരം-2, കണ്ണൂർ-1)

ഓഫീസ് അറ്റൻഡൻഡ്-1

തിരുവനന്തപുരം സ്പാർക്ക് (പി.എം.യു.)ഓഫീസ്.

(സി) ധനകാര്യ വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ സ്പാർക്ക് ഓഫീസുകളിൽ നിയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിഷയം പരിശോധിച്ച് ആവശ്യമെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവിധ ജില്ലകളിൽനിന്നും പരാതിയുമായി തിരുവനന്തപുരത്തെ സ്പാർക്ക് ഓഫീസിൽ എത്തിച്ചേരുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത ഓഫീസിൽ പ്രവേശിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഏർപ്പെടുത്തിയിട്ടില്ല. 6-10-2016-ലെ പരിപത്രം നം. 81/2016/ധന, (അനുബന്ധം)* 1-7-2019-ലെ പരിപത്രം നം.64/2019/ധന-യിലെ ഖണ്ഡിക (1), (2) എന്നിവ പ്രകാരവും (അനുബന്ധം) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 10-6-2020-ലെ പരിപത്രം നം.33/2020/ധന, (അനുബന്ധം 26-7-2021-ലെ പരിപത്രം നം.60/2021/ധന (അനുബന്ധം)എന്നിവ പ്രകാരവും സ്പാർക്ക് ഓഫീസിൽ എത്തിച്ചേരുന്ന ഉദ്യോഗസ്ഥർക്ക് ഓഫീസ് സന്ദർശിക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ) നിലവിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള സ്പാർക്ക് ഓഫീസുകളിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്ജക്ട് കമ്മിറ്റികൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ**

53 (3484) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയുടെ വിവിധ സബ്ജക്ട് കമ്മിറ്റികൾ അംഗീകരിച്ച് അധിക ഫണ്ടിനുവേണ്ടി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കുമോ?

മുൻ വർഷങ്ങളിലേയും, നടപ്പു വർഷത്തേയും ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം, പദ്ധതി നിർവ്വഹണ പുരോഗതി, സംസ്ഥാനത്തിന്റെ വിഭവലഭ്യത, മുൻ വർഷത്തെ അപേക്ഷിച്ച് ബഡ്ജറ്റ് വിഹിതത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമസഭയുടെ വിവിധ വിഷയനിർണ്ണയ സമിതികൾ അധിക തുകയ്ക്കുവേണ്ടി ശിപാർശ ചെയ്യു പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ ഭരണ വകുപ്പ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പ്രധാനമായും

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly